"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

### സംഗ്രഹം

കൃഷി വകുപ്പ്- കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ- 2024-25 വർഷത്തെ ഗ്രാന്റ് -ഇൻ-എയ്ഡ്-ഒന്നാം ഗഡു വിതരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(സാധാ) നം.378/2024/AGRI തീയതി,തിരുവനന്തപുരം, 22-04-2024

---

പരാമർശം:- കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ സെക്രട്ടറിയുടെ 05.04.2024 ലെ എ-1957/2023/KSFDRC നമ്പർ കത്ത്

### ഉത്തരവ്

2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് 128.03 ലക്ഷം രൂപ 2401-00-104-86- (01)-31-ഗ്രാന്റ് -ഇൻ- എയ്ഡ് -ജനറൽ സാലറി (NP) ശീർഷകത്തിലും 53.81 ലക്ഷം രൂപ 2401-00-104-86- (01)-36-ഗ്രാന്റ് -ഇൻ- എയ്ഡ് -ജനറൽ നോൺ സാലറി (NP) എന്ന ശീർഷകത്തിലും അനുവദിച്ചിട്ടുണ്ട്. ടി ബഡ്ജറ്റ് വിഹിതത്തിൽ 2401-00-104-86-(01)-31 (NP) ശീർഷകത്തിൽ ശമ്പളയിന ചെലവുകൾക്കായി 72 ലക്ഷം രൂപയും 2401-00-104-86-(01)-36 [NP] ശീർഷകത്തിൽ ശമ്പളേതര ചെലവുകൾക്കായി 24 ലക്ഷം രൂപയും അനുവദിക്കണമെന്നും കൂടാതെ പ്രസ്തുത തുക കമ്മീഷന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള STSB A/C No.701011400000151 ലേക്ക് മാറ്റി നൽകുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശത്തിലെ കത്ത് പ്രകാരം കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ച് കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് 2024-25 സാമ്പത്തിക വർഷത്തിൽ ആദ്യ രണ്ട് മാസത്തെ ചെലവുകൾക്കായി ശമ്പള ഇനത്തിൽ 2401-00-104-86-(01)-31(NP) ശീർഷകത്തിൽ നിന്നും **36 ലക്ഷം രൂപയും,** ശമ്പളേതരയിനത്തിൽ 2401-00-104-86-01-36 (NP) ശീർഷകത്തിൽ നിന്നും **12 ലക്ഷം രൂപയും** ഉൾപ്പെടെ **ആകെ 48 ലക്ഷം രൂപ** വിതരണം ചെയ്യുന്നതിനും ടി തുക കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള STSB A/C No.701011400000151 -ൽ നിക്ഷേപിക്കുന്നതിനും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജെസ്സി ജോർജ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് , തിരുവനന്തപുരം

സെക്രട്ടറി, കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ, ആനയറ, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് ( 22.04.2024 തീയതിയിലെ ഇ-2761997 നമ്പർ കുറിപ്പ് പ്രകാരം)

പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Vineeshkumar
Date: 22-04-2024 14:41:47

സെക്ഷൻ ഓഫീസർ